## വെളിപാട്

**I. ദൈവത്തിന്റെ സുപ്രസാദം മനുഷ്യനുമായി ഒന്നായിരിക്കുന്നതും മനുഷ്യനെ ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും അവനെപ്പോലെ ആക്കുന്നതുമാണ്**

[Eph. 1:5] യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

**II. ദൈവത്തിന്റെ മക്കളെന്ന നിലയിൽ, നമ്മൾ ദൈവത്തിൽനിന്ന് ജനിച്ചവരും, ദൈവത്തിന്റെ ജീവനും സ്വഭാവവും ഉള്ളവരും, ദൈവവർഗത്തിൽപ്പെട്ടവരുമായ ദൈവമനുഷ്യരാണ്**

- പ്രപഞ്ചത്തിലെ ഏറ്റവും വലിയ അത്ഭുതം മനുഷ്യർക്ക് ദൈവത്തിൽനിന്ന് ജനിക്കുവാൻ കഴിയുമെന്നും പാപികളെ ദൈവത്തിന്റെ മക്കളാക്കാൻ കഴിയുമെന്നുമാണ്. അത്തരമൊരു അത്ഭുതകരമായ ദിവ്യജനനത്തിലൂടെ നമ്മുടെ ആളത്തത്തിലേക്ക് വിതച്ച ദിവ്യവിത്തെന്ന നിലയിൽ നമുക്ക് ദിവ്യജീവൻ, നിത്യജീവൻ ലഭിച്ചു. നാം ദിവ്യ ജീവനിൽനിന്ന് ജനിച്ചവരും ദിവ്യ ജീവൻ ഉള്ളവരുമായതിനാൽ, ദൈവമക്കളായ നാം വ്യക്തികളാണ്. നാം ദൈവത്തിന്റെ ജീവനും സ്വഭാവവും ഉള്ള ദൈവമക്കളായതിനാൽ, നമുക്ക് ദൈവത്തിന്റെ അനുകാരികൾ ആകുവാൻ കഴിയും. പിതാവിന്റെ ജീവനും സ്വഭാവവും ഉള്ള പിതാവിന്റെ മക്കളെന്ന നിലയിൽ, നമ്മുടെ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നമുക്കും തികഞ്ഞവരായിരിക്കുവാൻ കഴിയും. [1 John 3:1] ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല. [John 1:12] എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി, [Eph. 5:1] അതുകൊണ്ട് പ്രിയ മക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആയിരിക്കുവിൻ;

**III. നാം ദൈവത്തെ സ്നേഹമായും വെളിച്ചമായും അറിയുകയും അനുഭവമാക്കുകയും വേണം**

- സ്നേഹവും വെളിച്ചവും വാസ്തവത്തിൽ ദൈവം തന്നെയാണ്; അവ ദൈവത്തിന്റെ ആളത്തം, അവന്റെ സാരാംശമാണ്. ദൈവസാരാംശത്തിന്റെ സ്വഭാവമെന്ന നിലയിൽ സ്നേഹം കൃപയുടെ സ്രോതസ്സാണ്, ദൈവാവിഷ്കാരത്തിന്റെ സ്വഭാവമെന്ന നിലയിൽ വെളിച്ചം സത്യത്തിന്റെ സ്രോതസ്സാണ്. ദിവ്യസ്നേഹം നമുക്ക് പ്രകടമാകുമ്പോൾ, അത് കൃപയായിത്തീരുന്നു; ദിവ്യവെളിച്ചം നമ്മുടെമേൽ പ്രകാശിക്കുമ്പോൾ അത് സത്യമായിത്തീരുന്നു. [1 John 4:8] സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ. [1 John 1:5] ...ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല ...

## അനുഭവം

**IV. ദൈവമക്കളായ നാം സ്നേഹത്തിലും വെളിച്ചത്തിലും നടക്കണം**

- കൃപ സ്നേഹത്തിന്റെ ആവിഷ്കാരവും, സ്നേഹം കൃപയുടെ സ്രോതസ്സുമാണ്; സത്യം വെളിച്ചത്തിന്റെ വെളിപാടാണ്, വെളിച്ചം സത്യത്തിന്റെ ഉത്ഭവവുമാണ്. സ്നേഹം ദൈവത്തിന്റെ ആന്തരിക സാരാംശമാണ്, വെളിച്ചം ആവിഷ്കരിക്കപ്പെട്ട ദൈവമൂലകമാണ്; ആന്തരികമായ ദൈവസ്നേഹം അനുഭവിച്ചറിയാവുന്നതാണ്, ബാഹ്യമായ ദൈവത്തിന്റെ വെളിച്ചം ദൃശ്യമായതാണ്. ദൈവമക്കൾ എന്ന നിലയിലുള്ള നമ്മുടെ ദൈനംദിന നടപ്പ് ദൈവത്തിന്റെ സ്നേഹപൂരിതമായ സാരാംശത്താലും ദൈവത്തിന്റെ പ്രകാശിക്കുന്ന മൂലകത്താലും സംരചിക്കപ്പെട്ടതായിരിക്കണം; ഇതായിരിക്കണം നമ്മുടെ നടപ്പിന്റെ ആന്തരിക സ്രോതസ്സ്. സ്നേഹത്തിലും വെളിച്ചത്തിലും നടക്കുന്നത് സത്യത്തിനൊത്തവണ്ണവും കൃപയാലും ജീവിക്കുന്നതിനേക്കാൾ ആഴമേറിയതും മൃദുവുമാണ്. [Eph. 5:2] ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ. [Eph. 5:8] എന്തെന്നാൽ ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു;

- സ്നേഹത്തിൽ നടക്കുകയെന്നാൽ ദൈവവുമായുള്ള ഉറ്റബന്ധത്തിൽ നടക്കുക എന്നാണ്. നമ്മുടെ ദൈനംദിന നടപ്പിൽ നാം എപ്പോഴും നമ്മുടെ പിതാവിന്റെ അനുഭൂതിക്കായി കരുതണം, എന്തെന്നാൽ നാം അവന്റെ ആർദ്രസ്നേഹത്തിൽ ഉറ്റബന്ധത്തിൽ ജീവിക്കുന്നു. പിതാവിന്റെ സാന്നിധ്യത്തിൽ, നാം സ്നേഹത്തിന്റെ ആവിഷ്കാരമായ കൃപ ആസ്വദിക്കുക മാത്രമല്ല, സ്നേഹത്തെത്തന്നെ ആസ്വദിക്കുകയും ചെയ്യുന്നു. നാം ദിവ്യ സ്നേഹത്തിന്റെ മാധുര്യത്തിൽ അവന്റെ സാന്നിധ്യം ആസ്വദിച്ച് ക്രിസ്തുവിനെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കേണ്ടതിന് ദൈവത്തിന്റെ ആന്തരിക സാരാംശമായ സ്നേഹത്തിലേക്ക് നമ്മെ കൊണ്ടുവരിക എന്നതാണ് എഫെസ്യർക്ക് എഴുതിയ ലേഖനത്തിന്റെ ലക്ഷ്യം: ①സ്നേഹത്തിന്റെ അവസ്ഥയിലും അന്തരീക്ഷത്തിലും, അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് നാം ദൈവത്താൽ സാന്ദ്രീകരിക്കപ്പെടുന്നു; ②വളർച്ചയ്ക്കായി നാം വേരൂന്നുകയും കെട്ടുപണിക്കായി നാം അടിസ്ഥാനപ്പെടുകയും ചെയ്യുന്ന സ്നേഹം പ്രായോഗികമായി നാം തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ദിവ്യ സ്നേഹമാണ്; ③ക്രിസ്തുതന്നെയായ ക്രിസ്തുവിന്റെ സ്നേഹം, അളവറ്റതും പരിജ്ഞാനത്തെ കവിയുന്നതുമാണ്, എങ്കിലും നമുക്ക് അത് അനുഭവിച്ചറിയാൻ കഴിയും; ④ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ, നാം സത്യത്തെ, അതായത് തന്റെ ശരീരത്തോടുകൂടിയ ക്രിസ്തുവിനെ മുറുകെപ്പറുന്നു; ⑤ക്രിസ്തുവിന്റെ ശരീരം സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണി ചെയ്യുന്നു; ക്രിസ്തുവിന്റെ ശരീരം കെട്ടുപണി ചെയ്യുന്നതിനായി നമുക്ക് എന്തെങ്കിലും ആകുവാനും എന്തെങ്കിലും ചെയ്യുവാനുമുള്ള ഏറ്റവും നല്ല മാർഗം സ്നേഹമാണ്; ⑥അക്ഷയതയിൽ കർത്താവിനെ സ്നേഹിക്കുക എന്നതിനർഥം പുതിയ സൃഷ്ടിയിലും എഫെസ്യർക്ക് എഴുതിയ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന എല്ലാ അക്ഷയ കാര്യങ്ങളിലും അവനെ സ്നേഹിക്കുക എന്നാണ്. ദൈവം സ്നേഹമായതിനാൽ, ദൈവവർഗമായിത്തീരുവാൻ വീണ്ടുംജനിക്കപ്പെട്ടവർ എന്ന നിലയിൽ, ദൈവമക്കളായ നാമും സ്നേഹമായിരിക്കണം; നാം ജീവനിലും സ്വഭാവത്തിലും ദൈവമായിത്തീരുന്നതിനാൽ നാമും സ്നേഹമായിത്തീരണം. [1 John 4:10] നാം ദൈവത്തെ സ്നേഹിച്ചിരിക്കുന്നു എന്നല്ല, അവൻ നമ്മെ സ്നേഹിച്ച് നമ്മുടെ പാപങ്ങൾക്ക് അനുനയമായി തന്റെ പുത്രനെ അയച്ചതത്രേ സ്നേഹം ആകുന്നു. [Eph. 1:4] സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം. [Eph. 6:24] നമ്മുടെ കർത്താവായ യേശു ക്രിസ്തുവിനെ അക്ഷയതയിൽ സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഉണ്ടായിരിക്കട്ടെ..

- ദൈവം വെളിച്ചമായിരിക്കുന്നതുപോലെ, ദൈവത്തിന്റെ മക്കളായ നാമും വെളിച്ചത്തിന്റെ മക്കളാണ്. നാം വെളിച്ചത്തിന്റെ മക്കൾ മാത്രമല്ല—നാം വെളിച്ചം തന്നെയാണ്; നാം കർത്താവിൽ ദൈവവുമായി ഒന്നായതിനാൽ നാം വെളിച്ചമാണ്. നാം വെളിച്ചത്തിലായിരിക്കുമ്പോൾ, നാം ശരിയുടെയും തെറ്റിന്റെയും മണ്ഡലത്തിന് പുറത്താണ്. നാം വെളിച്ചത്തിന്റെ മക്കളായി നടന്നാൽ, എഫെസ്യർ 5:9-ൽ വിവരിച്ചിരിക്കുന്ന ഫലം നാം പുറപ്പെടുവിക്കും. നന്മയിലും നീതിയിലും സത്യത്തിലുമുള്ള വെളിച്ചത്തിന്റെ ഫലം ത്രിയേക ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ദൈനംദിന നടപ്പിന്റെ യാഥാർഥ്യമെന്ന നിലയിൽ ദൈവം ആവിഷ്കരിക്കപ്പെടേണ്ടതിന് വെളിച്ചത്തിന്റെ ഫലം സ്വഭാവത്തിൽ നല്ലതും നടപടിക്രമത്തിൽ നീതിയുള്ളതും ആവിഷ്കാരത്തിൽ യഥാർഥ്യവും ആയിരിക്കണം. നന്മയെന്ന നിലയിൽ പിതാവായ ദൈവം വെളിച്ചത്തിന്റെ ഫലത്തിന്റെ സ്വഭാവമാണ്; അതിനാൽ, വാക്യം 9-ലെ നന്മ എന്നത് പിതാവായ ദൈവത്തെ സൂചിപ്പിക്കുന്നു. നീതി എന്നത് പുത്രനായ ദൈവത്തെ സൂചിപ്പിക്കുന്നു, ദൈവത്തിന്റെ നീതിയുള്ള നടപടിക്രമം അനുസരിച്ച് ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാനാണ് ക്രിസ്തു വന്നത്. വെളിച്ചത്തിന്റെ ഫലത്തിന്റെ ആവിഷ്കാരമായ സത്യം, ആത്മാവായ ദൈവത്തെ സൂചിപ്പിക്കുന്നു, എന്തെന്നാൽ അവൻ യാഥാർഥ്യത്തിന്റെ ആത്മാവാണ്. നാം വെളിച്ചത്തിന്റെ മക്കളായി നടക്കുന്നു എന്നതിന്റെ തെളിവ് അത്തരം ഫലം കായ്ക്കുന്നതിൽ കാണപ്പെടുന്നു.. [1 John 1:7] എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.. [Eph. 5:10] (വെളിച്ചത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലും അടങ്ങിയിരിക്കുന്നുവല്ലോ).